പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2191

15.7.2011 - ൽ മറുപടി നൽകേണ്ടിയിരുന്നത്

## പൊന്നാനി സിവിൽ സർവ്വീസ് അക്കാദമി

| ചോദ്യം<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ | മറുപടി<br>ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പു മന്ത്രി) |
| --- | --- |
| (എ) പൊന്നാനിയിൽ പ്രവർത്തിക്കുന്ന സിവിൽ സർവ്വീസ് അക്കാദമിയുടെ പ്രവർത്തനത്തിനാവശ്യമായ കെട്ടിട സൗകര്യങ്ങളും ഹോസ്റ്റൽ സൗകര്യങ്ങളും ഉറപ്പുവരുത്തുവാൻ എന്തു നടപടിയാണ് കൈക്കൊള്ളുന്നതെന്ന് അറിയിക്കുമോ; | എ) പൊന്നാനിയിൽ പ്രവർത്തിക്കുന്ന സിവിൽ സർവ്വീസ് അക്കാദമിക്ക് സ്ഥിരമായ കെട്ടിടം പണിയുന്നതിനായി 2010 ജൂൺ 6 ന് പൊന്നാനിയിലെ എം.എൽ.എ.കൂടിയായ അന്നത്തെ തദ്ദേശ സ്വയംഭരണകുപ്പു മന്ത്രി അദ്ധ്യക്ഷം വഹിച്ച ചടങ്ങിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി തറക്കല്ലിടുകയുണ്ടായി. സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. താൽക്കാലികമായി ഹോസ്റ്റൽ സൗകര്യം ഒരുക്കുന്നതിനായി ചമ്രവട്ടം ജലസേചന പദ്ധതിയിൽ ഒഴിഞ്ഞുകിടക്കുന്ന ക്വാർട്ടേഴ്സുകൾ ആവശ്യപ്പെട്ട് ജലസേചന വകുപ്പിന് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്. അവ ലഭ്യമാകുന്ന മുറയ്ക്ക് ഹോസ്റ്റൽ സൗകര്യം ഒരുക്കുന്നതാണ്. |
| ബി) സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിന് കൂടുതൽ ബാച്ചുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | ബി) സ്ഥിരം കെട്ടിടം പൂർത്തിയാക്കി സ്ഥല സൗകര്യം വർദ്ധിപ്പിക്കുന്നതിനനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ